# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ
ചോദ്യം നം. *93

13.06.2013 ൽ മറുപടിയ്ക്ക്

<u>പ്രവേശന പരീക്ഷകൾക്ക് സർക്കാർ തലത്തിൽ പരിശീലനം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.എ.മാധവൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾക്ക് വിദ്യാർത്ഥികൾക്ക് സ്കൂളിൽ പരിശീലനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ പ്ലസ് ടു വിദ്യാർത്ഥികളെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഉയർന്ന വിജയം നേടുന്നതിന് സജ്ജരാക്കുന്നതിനായി, വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതിന്, സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'പൊതുപ്രവേശന പരീക്ഷാ പരിശീലനപദ്ധതി'.(പി.ഇ.ഇ.സി.എസ്.) |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ; | ബി ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നുള്ള, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനപരീക്ഷാപരിശീലനം ലഭ്യമാക്കി പൊതുപ്രവേശന പരീക്ഷയ്ക്ക് സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br>വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകരുമായി സംവേദിക്കുവാനും, മാതൃക ചോദ്യാവലികളുടെ സഹായത്തോടേ പരിശീലിക്കുവാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു.<br>വിക്ടേഴ്സ് ചാനലിലൂടെ നിശ്ചിത സമയങ്ങളിൽ വിദ്ഗധരായ അദ്ധ്യാപകരുടെ ക്ലാസുകൾ ടെലിവിഷനിലൂടെ സംപ്രേക്ഷണം ചെയ്യുന്നു. കൂടാതെ മാതൃകാചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും അതതു |

വിഷയങ്ങളിലെ വിദഗ്ധരുടെ സഹായത്തോടെ സംശയ ദൂരികരണത്തിനും, ഈ പദ്ധതിക്കായി രൂപം കൊടുക്കുന്ന വെബ്സൈറ്റിന്റെ സേവനം ഉപയുക്തമാക്കാവുന്നതാണ്. ഇതിനായി ഓരോ വിദ്യാർത്ഥിക്കും പ്രത്യേകം 'ലോഗ് ഇൻ ഐ.ഡി/പാസ് വേർഡ്' ലഭ്യമാക്കുന്നതാണ്.

സി) ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിമൂലം പ്രയോജനം ലഭിക്കുന്നത്; വ്യക്തമാക്കുമോ;

സി) സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

ഡി) ഏത് അദ്ധ്യയന വർഷം മുതലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

ഡി) 2013 - 2014 അദ്ധ്യയന വർഷം മുതലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഇ) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

ഇ) സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളും, ഐ.ടി.അറ്റ് സ്കൂൾ, കെൽട്രോൺ, വിക്ടേഴ്സ് ചാനൽ തുടങ്ങിയ സ്ഥാപനങ്ങളും, ഈ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ